**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45** **23-07-2021 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സജീവ് ജോസഫ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ ഈ കാര്യത്തിൽ ശക്തമായ നിയമനിർമ്മാണം വേണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സിനിമ മേഖലയിലെ സ്ത്രീകൾക്കെതിരേയുള്ള നിയമവിരുദ്ധ നടപടികൾ തടയുന്നതിനും കുറ്റക്കാരെ ശിക്ഷിക്കുന്നതിനുമായി ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിനും മറ്റുമായി നിയമനിർമ്മാണം നടത്തണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സർക്കാർ നേരത്തേ നിയോഗിച്ചിരുന്ന അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ പ്രകാരം സർക്കാർ പരിഗണിച്ച് വന്നിരുന്ന 'സിനിമാ റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള കരട് നിയമത്തിൽ, ജസ്റ്റിസ് ഹേമ കമ്മിറ്റി ശിപാർശ പ്രകാരമുള്ള വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി സർക്കാർ നടപടികൾ സ്വീകരിച്ച് വന്നിരുന്നു. എന്നാൽ അത് സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. ഈ സാഹചര്യത്തിൽ സിനിമ, ടെലിവിഷൻ, സീരിയൽ മേഖലയിലെ തർക്ക പരിഹാരങ്ങൾക്കും ഗുണപരമായ മാർഗ നിർദ്ദേശങ്ങൾക്കും സ്ത്രീകൾ ഉൾപ്പെടെയുള്ള വർക്കെതിരെയുള്ള ചൂഷണം തടഞ്ഞുകൊണ്ട് സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി ഒരു സംവിധാനം കൊണ്ടുവരുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | സിനിമാ മേഖലയിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ള വർക്കെതിരെയുള്ള ചൂഷണം തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാരിലെ സാംസ്കാരികകാര്യ വകുപ്പ് വളരെ ഗൗരവത്തോടെ പരിഗണിച്ച് വരികയാണ്. ഇതനുസരിച്ച് ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലേത് ഉൾപ്പെടെയുള്ള ശുപാർശകൾ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയവ മുഖേന നടപടികൾ സ്വീകരിച്ച് വരികയാണ്. ഈ വിഷയത്തിലുള്ള തുടർനടപടികൾ ആലോചിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം, സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/07/2021ന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. ഇതു പ്രകാരം ഈ കാര്യത്തിൽ സർക്കാർ ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ